**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *72** **06.06.2018- ൽ മറുപടിക്ക്**

**ബാങ്ക് അക്കൗണ്ട് വഴിയുള്ള വേതന വിതരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, പി.ജെ.ജോസഫ്<br>ഡോ.എൻ. ജയരാജ് : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) തിരഞ്ഞെടുക്കപ്പെട്ട തൊഴിൽ മേഖലകളിൽ മിനിമം വേതനം നടപ്പാക്കുന്നതിനായി ബാങ്ക് അക്കൗണ്ട് വഴി വേതനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികളുടെയും വേതനം ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നതിനും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനുമായി വേതന സുരക്ഷ പദ്ധതി എന്ന ഓൺലൈൻ സംവിധാനം തൊഴിലും നൈപുണ്യവും വകുപ്പ് നടപ്പിലാക്കി വരുന്നു. ടി സോഫ്റ്റ് വെയർ മുഖേന ലോഗിൻ ചെയ്ത് തൊഴിലുടമ അപ് ലോഡ് ചെയ്ത് ട്രാൻസ്ഫർ ചെയ്യുന്ന വേതനം ഉടമയുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും തൊഴിലാളികളുടെ അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന സംവിധാനമാണിത്. |
| (ബി) ഇത് സംബന്ധിച്ച സുരക്ഷാ മുൻകരുതൽ പാലിച്ചിട്ടുണ്ടോ; തൊഴിലുടമയ്ക്ക് അസൗകര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | (ബി) തൊഴിലുടമയ്ക്ക് നൽകിയിട്ടുള്ള യൂസർനെയിമും പാസ് വേർഡും ഉപയോഗിച്ചു മാത്രമേ സോഫ്റ്റ് വെയറിൽ ലോഗിൻ ചെയ്യാൻ കഴിയൂ. വേതനം ട്രാൻസ്ഫർ ചെയ്യുന്നതിലെ ആധികാരികത ഉറപ്പു വരുത്തുന്നതിനായി വേജ് ട്രാൻസ്ഫർ പൂർത്തീകരിക്കുന്നതിന് തൊഴിലുടമയുടെ മൊബൈൽ നമ്പറിലേക്ക് വരുന്ന ഒ.ടി.പി. കോഡ് സോഫ്റ്റ് വെയറിൽ എന്റർ ചെയ്തു നൽകേണ്ടതുണ്ട്. സുരക്ഷ ഉറപ്പു വരുത്തുന്നതിനായി ടി സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സർക്കാരിന്റെ ഐ.ടി.പോളിസി പ്രകാരം ആവശ്യമായ സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തി, സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഡാറ്റാസെന്ററിലാണ് ഹോസ്റ്റ് ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഏതൊക്കെ മേഖലകളിലാണ് വേതന വിതരണം ബാങ്ക് അക്കൗണ്ട് മുഖേനയാക്കുന്നത്; ബാക്കിയുള്ള മേഖലകളിലും ഈ സമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ആദ്യ ഘട്ടത്തിൽ നോൺബാങ്കിംഗ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ്, ടെക്സ്റ്റൈൽ ഷോപ്പുകൾ, ജ്വല്ലറികൾ, സ്വകാര്യ ആശുപത്രികൾ, കമ്പ്യൂട്ടർ സോഫ്റ്റ് വെയർ മേഖല, സെൽഫ് ഫിനാൻസിംഗ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എന്നീ മേഖലകളിലാണ് വേതന സുരക്ഷാപദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 9.5.2017-ലെ സ.ഉ.(പി) നം.35/2017/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം (എസ്.ആർ.ഒ. നം.243/17) ബാങ്ക് അക്കൗണ്ട് മുഖേന മാത്രം വേതനം നല്കുന്നതിന് 39 തൊഴിൽ മേഖലകൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഡി) | പുതിയ സംവിധാനം ബിസിനസ് താത്പര്യങ്ങൾക്ക് വിരുദ്ധവും ബിസിനസ് തന്ത്രങ്ങളുടെയും വ്യാപാര രഹസ്യങ്ങളുടെയും സംരക്ഷണം ഇല്ലാതാക്കുന്നതുമാണ് എന്ന പരാതി പരിശോധിക്കുമോ? | (ഡി) | പുതിയ സംവിധാനം ബിസിനസ് താല്പര്യങ്ങൾക്ക് വിരുദ്ധവും വ്യാപാര രഹസ്യങ്ങളുടെ സംരക്ഷണം ഇല്ലാതാക്കുന്നതുമാണ് എന്ന പരാതികൾ സർക്കാർ പരിശോധിക്കുകയും കഴമ്പില്ലെന്ന് കണ്ട് നിരാകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ തൊഴിലുടമകൾ സമർപ്പിച്ച കേസുകൾ ഹൈക്കോടതി തീർപ്പാക്കിയെങ്കിലും ആയതിനെതിരെ തൊഴിലുടമകൾ അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.